# ജമാഅത്തിന്റെ ദേശീയ സാമ്രാജ്യത്വ വിരുദ്ധ കാമ്പയിൻ

**ജമാഅത്തെ** ഇസ്‌ലാമി ദേശ വ്യാപകമായി സംഘടിപ്പിക്കുന്ന മുതലാളിത്ത സാമ്രാജ്യത്വത്തിനെതിരായ കാമ്പയിൻ ഡിസംബർ 11 ന് തുടക്കമായി. ഡിസംബർ 20 വരെയാണ് കാമ്പയിൻ. 'അടിമത്തത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുക' എന്നതാണ് കാമ്പയിൻ പ്രമേയം. ഇന്ത്യയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മുതലാളിത്ത-സാമ്രാജ്യത്വ നയങ്ങളെയും അവ വിതക്കുന്ന ദുരിതങ്ങളെയും തുറന്നു കാണിക്കുകയും ഇസ്‌ലാമിക കാഴ്ചപ്പാടുകളിലും മൂല്യങ്ങളിലും നിന്നുകൊണ്ട് ബദൽ നിർദേശങ്ങൾ സമർപ്പിക്കുകയുമാണ് കാമ്പയിന്റെ മുഖ്യലക്ഷ്യം.

കേന്ദ്ര-സംസ്ഥാന സർക്കാറുകൾ അടുത്ത കാലങ്ങളിൽ തുടർന്നു വരുന്ന നയങ്ങൾ രാജ്യത്തെ നവ അടിമത്തത്തിലേക്ക് നയിക്കുന്നതായും സാധാരണക്കാരുടെ ജീവിതം ദുരിതപൂർണമാക്കുന്നതായും ജമാഅത്ത് കരുതുന്നു. സ്വാതന്ത്ര്യം, ജനാധിപത്യം, ചേരിചേരാനയം തുടങ്ങിയ ആദ്യകാല മൂല്യങ്ങളിൽനിന്ന് ഇന്ത്യ പുറകോട്ട് നീങ്ങുകയാണ്.

മുതലാളിത്ത വ്യവസ്ഥയിൽ മൂലധനം മുന്നിലും മനുഷ്യനും മൂല്യങ്ങളും പിന്നിലുമാണ്. ധനസമ്പാദനത്തെക്കുറിച്ച് മാത്രമേ മുതലാളിത്തം സംസാരിക്കുന്നുള്ളൂ. ധനത്തിന്റെ നീതിപൂർവകമായ വിതരണം മുതലാളിത്ത അജണ്ടയിൽ ഇല്ല തന്നെ. വിനാശകരമായ വികസനം, ഊഹക്കച്ചവടം, ഉപഭോഗതൃഷ്ണ, സാംസ്കാരികത്തകർച്ച, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ, അന്താരാഷ്ട്ര അധിനിവേശങ്ങൾ, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയവയൊക്കെ മുതലാളിത്തത്തിന്റെ അനിവാര്യ ഫലങ്ങളാണ്.

അതേസമയം, സമ്പൂർണ ജീവിത വ്യവസ്ഥയായ ഇസ്‌ലാമിൽ മൂല്യങ്ങൾക്കും മനുഷ്യനുമാണ് മുഖ്യപരിഗണന. മൂലധനം മനുഷ്യന്റെ സേവകൻ മാത്രമാണ്. സമൂഹത്തിൽ ധനം നീതിപൂർവം വിതരണം ചെയ്യപ്പെടണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. ആവശ്യവും അത്യാഗ്രഹവും തമ്മിൽ വേർതിരിച്ചുകൊണ്ട് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറക്കാനാണ് അത് ശ്രമിക്കുന്നത്.

സെമിനാറുകൾ, സിമ്പോസിയങ്ങൾ, റാലികൾ, സാംസ്കാരിക പരിപാടികൾ, മത്സരങ്ങൾ, പൊതുയോഗങ്ങൾ, ജനസമ്പർക്കങ്ങൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ, ടി.വി പരിപാടികൾ, എക്സിബിഷനുകൾ, കുടുംബ സംഗമങ്ങൾ, ഒപ്പുശേഖരണം തുടങ്ങിയ പരിപാടികളാണ് സംസ്ഥാനങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഡിസംബർ 20ന് ബാംഗ്ലൂരിൽ നടക്കുന്ന സമാപനത്തിൽ പ്രമുഖ വ്യക്തിത്വങ്ങൾ സംബന്ധിക്കും.

കാമ്പയിൻ സന്ദേശം വിശദീകരിക്കുന്ന ബുക്‌ലെറ്റുകൾ, ഫോൾഡറുകൾ, സ്റ്റിക്കറുകൾ എന്നിവയും തയാറാക്കിയിട്ടുണ്ട്. ജമാഅത്ത് ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ് ആണ് കാമ്പയിൻ കൺവീനർ. വനിതാ സമ്മേളനം പ്രമാണിച്ച് കേരളത്തിൽ പരിമിതമായ തോതിൽ മാത്രമാണ് കാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുക.

## എസ്.ഐ.ഒ ദേശീയ എച്ച്.ആർ.ഡി മീറ്റ്

**വിവിധ** വിഷയങ്ങളിൽ വിദഗ്ധരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2005 മുതൽ നടപ്പാക്കി വരുന്ന ദേശീയ എച്ച്.ആർ.ഡി പരിപാടിയുടെ ഭാഗമായി എസ്.ഐ.ഒ ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 30 ഓളം വിദ്യാർഥികൾ പങ്കെടുത്തു. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രം, വിദ്യാഭ്യാസം, ഇന്ത്യൻ രാഷ്ട്രീയം,

സാംസ്കാരിക പ്രവർത്തനങ്ങൾ, ദഅ്വത്ത്, മീഡിയ, വികസന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ. വഖാർ അൻവർ, ഡോ. മുഹമ്മദ് റഫഅത്ത്, മുജ്തബാ ഫാറൂഖ്, ബിശ്റുദ്ദീൻ ശർഖി, സൈനുൽ ആബിദീൻ മൻസൂരി, എം.സി.എ നാസർ, എം. സാജിദ് എന്നിവർ ക്ലാസുകൾ നയിച്ചു. എസ്.ഐ.ഒ അഖിലേന്ത്യാ ജന. സെക്രട്ടറി മുഹമ്മദ് അബ്ദുർറഫീഖ് ക്യാമ്പ് നിയന്ത്രിച്ചു.

**അബ്ബാദ്**

## ജമാഅത്ത് യൂത്ത്വിംഗ് വീട് നിർമിച്ചുനൽകി

**മംഗലാപുരത്ത്** ജമാഅത്തെ ഇസ്ലാമി യൂത്ത്വിംഗ് ഒരു നിർധന കുടുംബത്തിന് വീട് നിർമിച്ചു നൽകി. മാരകരോഗത്തിനടിപ്പെട്ട് ദാരിദ്ര്യത്തിലായ അസായ് മടക്കയിലെ ബഷീറിനാണ് 2 ലക്ഷം രൂപ ചെലവിൽ വീട് നൽകിയത്. നേരത്തെ ബഷീറിന്റെ ചികിത്സ–ഭക്ഷണ ചെലവുകളും യൂത്ത്വിംഗ് തന്നെയാണ് നൽകിക്കൊണ്ടിരുന്നത്.

യൂത്ത്വിംഗ് ജില്ലാ പ്രസിഡന്റ് മുഹമ്മദ് കുഞ്ഞി താക്കോൽദാനം നിർവഹിച്ചു. മഞ്ചനാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനീസ ബാനു, സെക്രട്ടറി സദാശിവ് ഷെട്ടി, മെമ്പർ മുഹമ്മദ് എന്നിവരും സംബന്ധിച്ചു.

## ഗുജറാത്തിൽ ജമാഅത്ത് വനിതാ കാമ്പയിൻ

**'ആപ്നൂ** അഭിയാൻ നാരി സമ്മാൻ' (സ്ത്രീയുടെ അന്തസ് കാക്കാനുള്ള മുന്നേറ്റം) എന്ന തലക്കെട്ടിൽ ജമാഅത്തെ ഇസ്ലാമി വനിതാവിഭാഗം ഗുജറാത്തിൽ ഒരാഴ്ച നീണ്ട കാമ്പയിൻ സംഘടിപ്പിച്ചു. സ്ത്രീകളുടെ അന്തസ്സും അഭിമാനവും വീണ്ടെടുക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും ആഹ്വാനം ചെയ്യുന്നതായിരുന്നു കാമ്പയിൻ.

അഹ്മദാബാദ്, വഡോദര, വിജാപൂർ, ജൂനഗഢ്, മൊദാസ, ഭുജ്, പാഠാൻ, ധോറി, ഹിമ്മത്നഗർ, ലമാഡിയ, ഇദർ ദസജ്, പൻവാഡ്, ഛോട്ടാ ദേപൂർ, വാപി എന്നിവിടങ്ങളിൽ പൊതുസമ്മേളനങ്ങളും സെമിനാറുകളും സിമ്പോസിയങ്ങളും റാലികളും സംഘടിപ്പിച്ചു.

കാമ്പയിന്റെ സമാപന പരിപാടി അഹ്മദാബാദ് ടൗൺഹാളിൽ നടന്നു. ജമാഅത്ത് വനിതാ വിഭാഗം ദേശീയ അധ്യക്ഷ അതിയ്യ സിദ്ദീഖ ഉദ്ഘാടനം ചെയ്തു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വൻമുന്നേറ്റം നടക്കുമ്പോഴും സ്ത്രീ ചൂഷണം ചെയ്യപ്പെടുകയാണെന്നും ദൈവബോധം വളർത്തിയെടുത്ത് മാത്രമേ ഇത് ചെറുക്കാനാവുകയുള്ളൂവെന്നും, മതങ്ങളിലും ഭരണഘടനയിലും എഴുതിവെച്ച അവകാശങ്ങൾ സ്ത്രീക്ക് നൽകി മാത്രമേ സ്ത്രീവിമോചനം സാധ്യമാവൂ എന്നും അഹ്മദാബാദിലെ ആർ.ജെ ട്രബെർവാൾ കൊമേഴ്സ് കോളേജ് വൈസ് പ്രിൻസിപ്പൽ മെഹ്റുന്നിസ ദേശായി അഭിപ്രായപ്പെട്ടു. സ്ത്രീയെ അൽപവസ്ത്രധാരിണിയാക്കുന്നത് വിമോചനമല്ലെന്നും കച്ചവടവൽക്കരണത്തിന്റെ ഭാഗമാണെന്നും അവർ കൂട്ടിച്ചേർത്തു.

സെൽഫ് എംപ്ലോയ്ഡ് വിമൻസ് അസോസിയേഷ(സേവ)ന്റെ ഡയറക്ടർ റീമ നാനാവതി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തെക്കുറിച്ച് സംസാരിച്ചു.

ഇന്ത്യയിൽ സ്ത്രീകളുടെ ജനസംഖ്യ കുറഞ്ഞുവരുന്നതിൽ ആശങ്ക പ്രകടിപ്പിച്ച കാമ്പയിൻ കൺവീനർ ഡോ. ഫാത്വിമ തൻവീർ ഗുജറാത്തിലെ ആൺ–പെൺ അനുപാതം കുത്തനെ കുറയുന്നതായി ചൂണ്ടിക്കാട്ടി. സ്ത്രീ ഭ്രൂണഹത്യക്കെതിരെ സമൂഹം പ്രതികരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

ജമാഅത്ത് വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി ആരിഫ പർവീനും സംസാരിച്ചു.